# പതിനാലാം കേരള നിയമസഭ

## ഇരുപത്തിരണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.622 — 13/01/2021-ൽ മറുപടിക്ക്

## സംസ്ഥാനത്ത് ഈ സർക്കാരിന്റെ കാലത്ത് നൽകിയ വൈദ്യുതികണക്ഷനുകൾ

| | ചോദ്യം<br><br>ശ്രീ യു.ആർ.പ്രദീപ് | | മറുപടി<br><br>ശ്രീ. എം.എം.മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതെവരെ സംസ്ഥാനത്ത് എത്ര പേർക്ക് പുതിയതായി വൈദ്യുതികണക്ഷൻ നൽകിയിട്ടുണ്ട്; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം, വിവിധ പദ്ധതിയിലുൾപ്പെടുത്തി നവംബർ 2020 വരെ ആകെ 17,14,280 എണ്ണം വൈദ്യുതി കണക്ഷനുകൾ നല്കിയിട്ടുണ്ട്. |
| (ബി) | പ്രതിമാസം ശരാശരി എത്ര പേർക്ക് കണക്ഷൻ നൽകാൻ കഴിയുന്നുണ്ട്; | (ബി) | പ്രതിമാസം ശരാശരി 31,000 കണക്ഷനുകൾ നൽകാൻ കഴിയുന്നുണ്ട്. |
| (സി) | അപേക്ഷ ലഭിച്ച് എത്ര ദിവസത്തിനുള്ളിൽ സാധാരണ ഗതിയിൽ കണക്ഷൻ നൽകാൻ കഴിയുന്നുണ്ട്; വിശദാംശം വ്യക്തമാക്കുമോ? | (സി) | വൈദ്യുതി ഉപഭോക്താക്കൾക്ക് നൽകേണ്ട വിവിധ സേവനങ്ങളുമായി ബന്ധപ്പെട്ട ചട്ടങ്ങൾ പ്രസിദ്ധീകരിക്കുന്നത് കേരള ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ ആണ്. കമ്മീഷൻ വിഭാവനം ചെയ്തിട്ടുള്ള സ്റ്റാൻഡേർഡ് ഓഫ് പെർഫോമൻസ്-2015 ലെ മാനദണ്ഡങ്ങൾ കർശനമായി പാലിച്ച് പരാതികൾ പരിഹരിക്കുന്നതിനും സേവനങ്ങൾ നൽകുന്നതിനും കെ.എസ്.ഇ.ബി.ലിമിറ്റഡ് ബാധ്യസ്ഥമാണ്.<br>കേരള ഇലക്ട്രിസിറ്റി സപ്ലൈ കോഡ് 2014 ചട്ടം (85) പ്രകാരം ലൈൻ വലിക്കുന്ന പ്രവൃത്തി ആവശ്യമല്ലാത്ത പക്ഷം അപേക്ഷകൻ പണമടച്ച് 30 ദിവസത്തിനുള്ളിൽ പുതിയ സർവ്വീസ് കണക്ഷൻ ലഭിക്കണമെന്ന് പ്രസ്താവിച്ചിട്ടുണ്ട്. എന്നാൽ ഉപഭോക്തൃ സംതൃപ്തി മുൻനിർത്തി സർവ്വീസ് കണക്ഷൻ കൂടുതൽ വേഗത്തിൽ ലഭ്യമാക്കുവാൻ 19.09.2016 ലെ ബോർഡ് ഉത്തരവ് പ്രകാരം പുതിയ സർവ്വീസ് കണക്ഷൻ നൽകുന്നതിനുള്ള സമയ പരിധി നിഷ്കർഷിച്ചിട്ടുണ്ട്. ഇതുപ്രകാരം, പുതിയ ലോ ടെൻഷൻ സർവ്വീസ് കണക്ഷനു വേണ്ടി പുതിയ പോസ്റ്റോ, ലൈൻ വലിക്കലോ ആവശ്യമില്ലാത്ത പക്ഷം അപേക്ഷ നൽകി രണ്ട് പ്രവൃത്തി ദിവസങ്ങൾക്കുള്ളിൽ കണക്ഷൻ നൽകുന്നതാണ്. പുതിയ പോസ്റ്റ് |

| | | | |
|---|---|---|---|
| | | | സ്ഥാപിക്കണമെങ്കിൽ അപേക്ഷ നൽകി 7 പ്രവൃത്തി ദിവസങ്ങൾക്കുള്ളിലും, ലൈൻ വലിക്കേണ്ടി വരുന്ന പക്ഷം അപേക്ഷ നൽകി 15 പ്രവൃത്തി ദിവസങ്ങൾക്കുള്ളിലും കണക്ഷൻ നൽകുന്നതാണ്. പുതിയ ഹൈ ടെൻഷൻ കണക്ഷൻ ലഭിക്കുവാൻ ലൈൻ വലിക്കുന്ന പ്രവൃത്തി ആവശ്യമില്ലാത്ത പക്ഷം അപേക്ഷ നൽകി 30 പ്രവൃത്തി ദിവസങ്ങൾക്കുള്ളിൽ കണക്ഷൻ നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ